(ബി) അതെ.

(സി) നൽകിയിട്ടില്ല.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

## മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങൾ

144(3024) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങൾ സംബന്ധിച്ച് നിലവിലുള്ള കേസുകൾ ഏതെല്ലാമാണ്; ഏതെല്ലാം കേസുകളിൽ ഹൈക്കോടതിയിൽനിന്നും വിധി പ്രസ്താവം ഉണ്ടായിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത കേസുകളിൽ ഏതിലെല്ലാമാണ് സർക്കാർ ഭാഗം പരാജയപ്പെട്ടുപോയിരിക്കുന്നത്; പരാജയപ്പെട്ട കേസുകളിൽ സർക്കാർ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ; അപ്പീൽ പോകാതിരുന്നത് ഏതെല്ലാം കേസുകളിലാണ്?

ഉത്തരം

(എ) മൂന്നാറിലെ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് നിലവിൽ 103 കേസുകളാണ് ഫയൽ ചെയ്തിട്ടുള്ളത് 41 കേസുകളിൽ ബഹു. ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുണ്ട്. കേസുകളിലെ പരാതിക്കാർ പട്ടയം ലഭിക്കുന്നതിന് ആവശ്യമായ അപേക്ഷ ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിക്കണമെന്നും അപേക്ഷയിൽ നിയമാനുസൃതമായ തീരുമാനം കൈക്കൊള്ളണമെന്നുമാണ് ബഹു. ഹൈക്കോടതി വിധിച്ചിട്ടുള്ളത്.

(ബി) ഇത്തരം കേസുകളിൽ സർക്കാർ പരാജയപ്പെടുന്നതായി കാണുന്നില്ല.

## നെൽവയൽ സംരക്ഷണ നിയമപ്രകാരം സ്ഥലം നികത്തുന്നതിന് അനുമതി

145(3025) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ സംരക്ഷണ നിയമപ്രകാരം ഏതെല്ലാം ആവശ്യങ്ങൾക്ക് എത്ര സെന്റ് സ്ഥലം നികത്തുന്നതിന് അനുവാദമുണ്ടെന്ന് വിശദമാക്കുമോ;

(ബി) പത്ത് സെന്റിൽ താഴെ നെൽവയൽ വാങ്ങി ആരാധനാലയങ്ങൾ പണിതിരിക്കുന്ന ഭൂമിയുടെ തരംതിരിവ് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഭൂമിയുടെ തരംതിരിവിനും കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമപ്രകാരം പൊതു ആവശ്യങ്ങൾക്കും വീട് വയ്ക്കുന്നതിനും വേണ്ടി ടി നിയമത്തിലെ വ്യവസ്ഥകൾ ക്കനുസൃതമായി നെൽവയൽ നികത്തുന്നതിന് അനുമതി നൽകാം. വീട് വയ്ക്കുന്നതിന് അനുയോജ്യമായ ഭൂമി ഇല്ലാത്തപക്ഷം, നെൽവയലിന്റെ ഉടമസ്ഥന് താമസിക്കുന്നതിന് വീട് വയ്ക്കാൻ പഞ്ചായത്ത് ഏരിയയിൽ പത്തും, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഏരിയയിൽ അഞ്ചും സെന്റ് നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് അനുമതി നൽകുവാൻ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമത്തിൽ വ്യവസ്ഥയുണ്ട്.

(ബി) പൊതു ആവശ്യങ്ങൾക്കും, വീട് വയ്ക്കുന്നതിനും അല്ലാത്ത ആവശ്യങ്ങൾക്കൊന്നും നെൽവയൽ രൂപാന്തരപ്പെടുത്താൻ പ്രസ്തുത നിയമത്തിൽ വ്യവസ്ഥയില്ല. ആരാധനാലയങ്ങൾ പ്രസ്തുത നിയമത്തിലെ പൊതു ആവശ്യത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ല.

(സി) ബാധകമല്ല.

## കൊച്ചിയിലെ അനധികൃത ഭൂമികയ്യേറ്റം

146(3026) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശംവച്ച് വരുന്നതായ ഭൂമി പതിച്ചു കിട്ടുന്നതിനായി 2015 ജൂൺ ഒന്നിനു മുൻപ് വരെ എത്രപേർ കൊച്ചി താലൂക്ക് ഓഫീസിൽ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കൊച്ചി താലൂക്ക് ഓഫീസിന്റെ പരിധിയിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി അനധികൃതമായി കൈവശം വച്ചുവരുന്നവർ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2015 ജൂൺ ഒന്നിന് മുമ്പ് ഭൂമി കൈവശം വച്ച് വരുന്നതായി അവകാശപ്പെട്ട് എറണാകുളം ജില്ലയിലെ കൊച്ചി താലൂക്ക് ഓഫീസിൽ 967 പേർ ഭൂമി പതിവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) എറണാകുളം ജില്ലയിലെ കൊച്ചി താലൂക്ക് ഓഫീസിന്റെ പരിധിയിൽ 11 കേസുകളിലായി 0.54.59 ഹെക്ടർ ഭൂമി കയ്യേറ്റം ചെയ്ത് സ്വകാര്യ വ്യക്തികൾ കൈവശം വച്ചുവരുന്നു.